## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 358 — 28.06.2011-ൽ മറുപടിയ്ക്ക്

## ചന്ദനമര മോഷണം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പുമന്ത്രി) |
| എ. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ കാടുകളിൽ നിന്നും എത്ര ചന്ദനമരങ്ങളാണ് മോഷണം പോയത്.; | എ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ കാടുകളിൽനിന്നും 6 ചന്ദനമരങ്ങൾ മോഷണം പോയിട്ടുണ്ട്. ഇതിൽ മൂന്നെണ്ണം മറയൂരിൽനിന്നും രണ്ടെണ്ണം മേപ്പാടിയിൽനിന്നും ഒരെണ്ണം ചിന്നാറിൽ നിന്നുമാണ്.. |
| ബി. മോഷണം പോയ മരങ്ങൾക്ക് എത്ര രൂപയാണ് മതിപ്പ് വില കണക്കാക്കിയിരിക്കുന്നത്; | ബി. മോഷണം പോയ ചന്ദന മരങ്ങൾക്ക് ഏകദേശം 48000/- രൂപ മതിപ്പുവില കണക്കാക്കിയിട്ടുണ്ട്. |
| സി. ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.; | സി. ഇത് സംബന്ധിച്ച് 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ഡി. കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | ഡി. മറയൂർ ഡിവിഷനിൽ വണ്ണാന്തുറ സ്റ്റേഷനിലെ ഒ.ആർ. 3/11 നമ്പർ കേസിൽ ഉൾപ്പെട്ട 5 പ്രതികളിൽ 2 പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് കേസ്സുകളിലെ പ്രതികളെയും, നഷ്ടപ്പെട്ട തൊണ്ടി ചന്ദനവും കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |
| ഇ. നിരന്തരമായി നടക്കുന്ന ചന്ദനമര മോഷണങ്ങൾ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഇ. ചന്ദനമരങ്ങൾ മോഷ്ടിക്കുന്നത് തടയുന്നതിനും അമൂല്യ സമ്പത്തായ ചന്ദനമരങ്ങളെ സംരക്ഷിക്കുന്നതിനും മാത്രമായി മറയൂരിൽ ഒരു ചന്ദന ഡിവിഷൻ പുതുതായി രൂപീകരിക്കുകയും സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടുകയും ചന്ദനമോഷ്ടാക്കളെ കണ്ടെത്തുന്നതിനുവേണ്ടി താൽക്കാലികമായി പോലീസ് ഡോഗ് സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുകയും 1961 ലെ കേരളാ ഫോറസ്റ്റ് ആക്റ്റിൽ ആവശ്യമായ ഭേദഗതികൾ |

വരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ രാത്രികാല പട്രോളിംഗും നടത്തിവരുന്നു. ചന്ദനമരമോഷണങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ചന്ദനക്കാടിനു ചുറ്റും കമ്പിവേലി നിർമ്മിക്കുവാനും, ഡോഗ് സ്ക്വാഡ് രൂപീകരിക്കുവാനും വിവരം കൈമാറൽ വിപുലീകരിക്കുന്നതിന്റെ . ഭാഗമായി 40 പുതിയ വാക്കിടോക്കികളും, 4 മെയിൻ വയർലസ് സെറ്റുകളും ലഭ്യമാക്കുന്നതിനും വാഹനങ്ങൾ അനുവദിക്കുന്നതിനും കൂടുതൽ ആയുധങ്ങളും വെടിയുണ്ടകളും ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ